പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1949 22-03-2012-ൽ മറുപടിക്ക്.

## മദ്യവിരുദ്ധ ബോധവൽക്കരണ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യവിരുദ്ധ ബോധവൽക്കരണ പരിപാടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ; | (എ) ഉണ്ട്. ബോധവൽക്കരണ പരിപാടി കൂടുതൽ ശക്തവും വ്യാപകവുമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) മദ്യവിരുദ്ധ ബോധവൽക്കരണ-പ്രചാരണ പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളുടെ ഭാഗത്തുനിന്ന് പൂർണ്ണമായ പിന്തുണ ലഭിക്കുന്നതായി കരുതുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) ഉണ്ട്. സ്വീകരിക്കുന്നതാണ്. |
| (സി) ബോധവൽക്കരണ-പ്രചാരണ പ്രവർത്തനങ്ങൾക്ക് സർക്കാരിതര ഏജൻസികളുടെ സഹായം എക്സൈസ് വകുപ്പിന് ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) ഉണ്ട്. സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, റസിഡൻ്റ്സ് അസോസിയേഷനുകൾ, സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ, സ്ത്രീ ശക്തി യൂണിറ്റുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നീ സർക്കാരിതര ഏജൻസികളുടെ സഹായം എക്സൈസ് വകുപ്പിന് ലഭിക്കുന്നുണ്ട്. |
| (ഡി) മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഡി) മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജോയിൻ്റ് എക്സൈസ് കമ്മീഷണറുടെ ഒരു പുതിയ തസ്തിക സൃഷ്ടിച്ച്, ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിച്ച്, മദ്യ ലഹരി വിരുദ്ധ ബോധവൽക്കരണ - പ്രചാരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ